പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 278

18-02-2013 – ൽ മറുപടിയ്ക്ക്

## സഹസ്ര സരോവർ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സഹസ്ര സരോവർ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) ജലസ്രോതസ്സുകളുടെ ഉറവിടം സംരക്ഷിച്ച് ഭൂഗർഭ ജലനിരപ്പ് ഉയർത്തുക, അധികജലം ഉപയോഗിച്ച് കാർഷികോല്പാദനം വർദ്ധിപ്പിക്കുക, വരൾച്ചയെ പ്രതിരോധിക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. |
| (ബി) ഈ പദ്ധതി ആരുടെ നേതൃത്വത്തിലാണ് നടപ്പിലാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;<br><br>(സി) ചിറകൾ സംരക്ഷിക്കുന്നതിനും ഭൂഗർഭ ജലനിരപ്പ് നിലനിർത്തുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ ; | (ബി) യും (സി) യും കൃഷി വകുപ്പിന്റെ ചുമതലയിൽ കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ (കെ.എൽ.ഡി.സി) വഴിയാണ് നടപ്പിലാക്കുന്നത്.<br>നിലവിലുള്ളതോ പുതിയതോ ആയ ചിറകളുടെ ആഴം കൂട്ടി ആ മണ്ണ് പാർശ്വങ്ങളിൽ നിക്ഷേപിക്കുക, ചിറകൾ നികരാതിരിക്കത്തക്ക രീതിയിൽ ലഭ്യമായ മാർഗ്ഗങ്ങൾ ഉപയോഗിച്ച് പാർശ്വഭിത്തികൾ ഉറപ്പുവരുത്തുക, ഒരു വശത്ത് പടവുകൾ നൽകി ചിറയിൽ നിന്നും കോരുന്ന മണ്ണ് കൃഷിക്ക് പര്യാപ്തമായ രീതിയിൽ സജ്ജീകരിക്കുക ചിറക്ക് ചുറ്റും 7 അടി ഉയരത്തിലുള്ള ഇരുമ്പു വേലികൾ സ്ഥാപിച്ച് ചിറയെ മാലിന്യത്തിൽ നിന്നും സംരക്ഷിക്കുക, അന്യം നിന്നു പോകുന്ന ഉൾനാടൻ മത്സ്യങ്ങളെ ഈ ചിറകളിൽ വളർത്തി വംശവർദ്ധനവും, സംരക്ഷണവും നല്കുക വഴി വാർഷിക വരുമാനം വർദ്ധിപ്പിക്കുക, ജലം പമ്പ് ചെയ്യാനുള്ള പമ്പ് ഹൗസും ജലസംഭരണിയും നിർമ്മിച്ച് അധിക ജലം പ്രാന്തപ്രദേശ നിവാസികൾക്ക് കൃഷിക്കുവേണ്ടി നൽകുക, |

| | | | |
|---|---|---|---|
| | | | വൈദ്യുതോർജ്ജം ഇല്ലാത്ത സ്ഥലങ്ങളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് പമ്പിംഗ് നടത്തി ജലം ലഭ്യമാക്കുക, ഇതുവഴി ഒരു ചിറയുടെ സമീപപ്രദേശത്തുള്ള കുറഞ്ഞത് 15 ഏക്കർ സ്ഥലമെങ്കിലും കൃഷിയോഗ്യമാക്കുക, തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ വിഭാവന ചെയ്യുന്നത്. |
| (ഡി) | എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഈ പദ്ധതിക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | പദ്ധതിയുടെ രൂപരേഖ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ധനസഹായം സംബന്ധിച്ച തീരുമാനങ്ങൾ ആയിട്ടില്ല. |

സെക്ഷൻ ഓഫീസർ